SUNDAY 13/04/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/04/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയന്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. 2025-26 വർഷത്തേക്ക് മത്സ്യഫെഡ് നടപ്പിലാക്കുന്ന 10 ലക്ഷം രൂപയുടെ പരിരക്ഷയുള്ള മത്സ്യത്തൊഴിലാളി വ്യക്തഗത അപകട ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി പ്രകാരം ഏപ്രിൽ 15 നകം പ്രീമിയം ഒടുക്കി ഗുണഭോക്താക്കളാകുന്നതിന് അവസരം. മത്സ്യഫെഡ് അഫലിയേഷനുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, സ്വയം സഹായ ഗ്രൂപ്പ് അംഗങ്ങൾക്കും അതാത് സംഘങ്ങൾ മുഖേന ഒറ്റത്തവണ പ്രീമിയം തുകയായ 509 രൂപ (ജിഎസ്ടി ഉൾപ്പെടെ) അടച്ച് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാം. പദ്ധതിയിൽ ഗുണഭോക്താക്കളാകുന്നവർക്ക് അപകട മരണമോ, അപകടത്തെ തുടർന്ന് പൂർണ/ഭാഗിക അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം നിബന്ധകൾക്ക് വിധേയമായി 10 ലക്ഷം രൂപ വരെ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കും. പ്രായം 18-70. : 0497 2732157, 9526041270 (തലശ്ശേരി), 9526041123 (പുതിയങ്ങാടി, കണ്ണൂർ) ഇ മെയിൽ mfed.knr@yahoo.com

3. പൈനാപ്പിൾ ഇലകളിൽ നിന്നും യന്ത്രസഹായത്താൽ സൈലേജ് കാലിത്തീറ്റ നിർമ്മാണത്തിൻ്റെ സംരംഭകത്വ സാദ്ധ്യതകൾ പ്രദർശിപ്പിക്കുന്നതിനായി ജില്ലയിലെ മുളന്തുരുത്തി, മുവാറ്റുപുഴ, പാമ്പാക്കുട, വാഴക്കുളം ബ്ലോക്കുകളിലൊന്നിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൃഷിയിട പ്രദർശന കേന്ദ്രം നടത്തുവാൻ തയ്യാറുള്ള കർഷകർ, കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / പ്രാദേശിക കൂട്ടായ്മകൾ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. തിരഞ്ഞെടുക്കുന്ന ഒരാൾക്ക്/ സ്ഥാപനത്തിന് സാങ്കേതിക വിദ്യയും പരിശീലനവും കൃഷിയിട പ്രദർശന കേന്ദ്രത്തിനാവശ്യമായ യന്ത്രങ്ങളും കെ വി കെയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ നൽകുന്നതാണ്. ഈ കേന്ദ്രത്തിൽ നിന്നും കെവികെയുടെ ആഭിമുഖ്യത്തിൽ തന്നെ നടത്തുന്ന തുടർ പരിശീലനങ്ങളിലുടെ പ്രദേശത്ത് പുത്തൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക് ഡോ. സ്മിത ശിവദാസൻ കെവികെ മൃഗസംരക്ഷണ സ്പെഷ്യലിസ്റ്റ്ഫോൺ: 94461 20244

4. കേരള മത്സ്യവിത്ത് ആക്ട് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ മത്സ്യ ഫാമുകൾ, ഹാച്ചറി, അക്വേറിയം ഷോപ്പുകൾ എന്നിവയുടെ ലൈസൻസ് കാലാവധി 2025-26 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷകൾ ഏപ്രിൽ 15 ന് മുമ്പ് ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കണം. ഫോറം നമ്പർ ഒമ്പതിലുള്ള അപേക്ഷയും ഫോറം നമ്പർ 10, 11 എന്നിവയും പൂരിപ്പിച്ച് പഴയ ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻ്റെ കോപ്പിയും, തിരിച്ചറിയൽ രേഖയും ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ് എന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0477 2251103.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം